DESPATCHED
On.9/2/22...

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **AP.No.2198(5)/18/SIC**
തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No. 11282/SIC-G7/2018**

സന്നിഹിത
**ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി: 30.12.2021**

**ശ്രീ. എം. എസ്. പത്മദാസ്,
ഗംഗ, അരുമാനൂർ, പൂവാർ പി.ഒ,
തിരുവനന്തപുരം.** } **അപ്പീൽഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസിൽദാർ,
താലൂക്ക് ഓഫീസ്,
നെയ്യാറ്റിൻകര, തിരുവനന്തപുരം.**

**അപ്പീൽഅധികാരി &
അഡീഷണൽ തഹസിൽദാർ,
താലൂക്ക് ഓഫീസ്,
നെയ്യാറ്റിൻകര, തിരുവനന്തപുരം.** } **എതിർകക്ഷികൾ**

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 06.04.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | -- |
| ഒന്നാംഅപ്പീൽ | 05.06.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 02.07.2018 |
| രണ്ടാംഅപ്പീൽ | 09.10.2018 |
| ഹിയറിംഗ്തീയതി, സ്ഥലം | 02.09.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, കെ2/32492/17, ജി5/49421/17, ജി5/6002/18 എന്നീ ഫയലുകളിലെ രേഖകളുടെ പകർപ്പുകളും 16.03.2018 ൽ സർവ്വെയർ ശ്രീമതി. പി. ഷീല നടത്തിയ സർവ്വെ റിപ്പോർട്ടും സ്കെച്ചും കാൽക്കുലേഷൻ പേപ്പറിന്റെ പകർപ്പുമാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും ലഭ്യമായിട്ടുള്ള വിവരം തൃപ്തികരമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ 02.09.2021 തീയതി ഇരുകക്ഷികളേയും ടെലഫോൺ സംവിധാനത്തിലൂടെ കേൾക്കാൻ നിശ്ചയിച്ചു. അന്നേ ദിവസം നടന്ന ഹിയറിംഗിൽ ഒന്നാം എതിർകക്ഷി പങ്കെടുത്തിരുന്നു. അപ്പീൽഹർജിക്കാരൻ പങ്കെടുത്തിരുന്നില്ല.

3. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ അറിയിച്ചത്, അപേക്ഷയ്ക്ക് വ്യക്തമായ വിവരം നൽകിയിരുന്നു എന്നും റവന്യൂ സബ് ഡിവിഷന്റെ സ്കെച്ച് കൈവശം ഇല്ലാത്തതിനാൽ അളന്ന് അതിർത്തി തിരിച്ച് കല്ലിടാനും സ്കെച്ചും തയ്യാറാക്കാൻ പറ്റില്ല എന്നും റീസർവ്വെ കഴിഞ്ഞ സമയത്തുള്ള സബ് ഡിവിഷന്റേത് സ്കെച്ച് ചെയ്ത് വച്ചിട്ടുണ്ട് അതാണ് കല്ലിടാൻ അപേക്ഷിക്കുന്നെങ്കിൽ ചെയ്ത് നൽകാൻ കഴിയും എന്നും എന്നാൽ ടിയാൻ ആവശ്യപ്പെടുന്നത് അതിന്റെ കുറച്ചു ഭാഗം റീസർവ്വെക്ക് ശേഷം മറ്റൊരാൾ വാങ്ങിയതാണ് അളന്ന് കല്ലിടാൻ ആവശ്യപ്പെടുന്നത് എന്നും എന്നാൽ അത്തരത്തിൽ അളന്ന് കല്ലിട്ട് കൊടുക്കുന്നതിനായിട്ടുള്ള സ്കെച്ച് കൈവശം ഇല്ലായെന്നും ഇനിയും അവ്യക്തത നിലനിൽക്കുന്നുണ്ടെങ്കിൽ ഫയൽ പരിശോധിക്കാൻ അവസരം നൽകാം എന്നും ഒന്നാം അപ്പീൽ അധികാരി മറുപടി അറിയിച്ചു എന്നും എന്നാൽ അത്തരത്തിൽ ഫയൽ പരിശോധിക്കാൻ ഹർജിക്കാരൻ തയ്യാറായിട്ടില്ല എന്നുമാണ്.

4. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട മൊഴിയാണ് എതിർകക്ഷി നൽകിയിട്ടുള്ളത് എന്ന് വ്യക്തം. വസ്തുതകൾ വിലയിരുത്തുമ്പോൾ, അപ്പീൽഹർജിക്കാരന് ലഭ്യമാക്കാവുന്ന വിവരം നൽകിയിട്ടുള്ളതായും കാണുന്നു. അതിർത്തി നിർണ്ണയം ചെയ്യുന്നതിനു വേണ്ടിയാണ് അപേക്ഷ നൽകിയിട്ടുള്ളത് എന്നും അതു ചെയ്യാൻ കഴിയില്ല എന്നുപറഞ്ഞാണ് ടി ഫയലിലെ നടപടി അവസാനിപ്പിച്ചത് എന്നും ഇതുമായി ബന്ധപ്പെട്ടാണ് വിവരാവകാശ അപേക്ഷ നൽകിയിട്ടുള്ളത് എന്നുമാണ് ഒന്നാം എതിർകക്ഷി അറിയിച്ചിട്ടുള്ളത്. കൂടാതെ സബ് ഡിവിഷൻ ചെയ്താൽ പ്രശ്ന പരിഹാരം കാണാൻ കഴിയും എന്നും അറിയിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ സബ്ഡിവിഷൻ ചെയ്യുന്നതിനായി തഹസിൽദാർക്ക് അപേക്ഷ നൽകി മറ്റ് നടപടികൾ സ്വീകരിക്കാൻ അപ്പീൽഹർജിക്കാരന് നിർദ്ദേശം നൽകുന്നു.

5. വിവരാവകശ നിയമപ്രകാരമുള്ള അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും വ്യക്തമായ വിവരം നൽകിയിട്ടുണ്ട് എന്ന് എസ്.പി.ഐ.ഒയുടെ മൊഴിയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൻമേലുള്ള നടപടികൾ എല്ലാം അവസാനിപ്പിച്ച് **ഇന്നേ ദിവസം 2021 ഡിസംബർ മാസം 30 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി